(ബി) പൊൻകുന്നം വാട്ടർസപ്ലൈ സ്കീം എന്നു് പൂർണ്ണമാകുമെന്നു് അറിയിക്കുമോ ;

(സി) ധാരാളം കുടികൾ പാർക്കുന്നതും, കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്നതുമായ സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നതിനു് ഗവണ്മെൻറിനു വല്ല സ്കീമുകളുമുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നീലംപേരൂർ ശുദ്ധജലവിതരണപദ്ധതി പൂർത്തിയാക്കി ജല വിതരണം നടത്തുവാൻ സാധിച്ചിട്ടുണ്ടു്.

(ബി) 1964–65–ൽ പൂർത്തിയാകും.

(സി) കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നതിനു പ്രത്യേകം പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : വളരെയധികം വ്യവസായങ്ങളുള്ളതും, ഇവിടത്തെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലവുമായ വളപട്ടണത്തു് ഉള്ള ആളുകൾക്കു് കുടിക്കുന്നതിനു് ഒരു തുള്ളി ശുദ്ധജലംപോലും കിട്ടുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ദയവുചെയ്തു അവിടെ ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: വളപട്ടണം സ്കീമിനു് സാംഗ്ഷൻ കൊടുത്തിട്ടുണ്ടെന്നാണു് എൻറെ ഓർമ്മ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഇന്നുവരെ ആ സ്കീമിനു് സാംഗ്ഷൻ കൊടുത്തിട്ടില്ല.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെപ്പറ്റി അന്വേഷിക്കാം.

ആഭ്യന്തരവകുപ്പുമന്ത്രിമാരുടെ സമ്മേളനം.

* 409. [16] ശ്രീ. പി. ആർ. ഫ്രാൻസിസു് : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1963 ഡിസംബർ 28-ാംനു- ഡൽഹിയിൽ സമ്മേളിച്ച ആഭ്യന്തരവകുപ്പു മന്ത്രിമാരുടെ സമ്മേളനം എടുത്ത പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

കേന്ദ്ര വിജിലൻസു് കമ്മീഷൻറെ മാതൃകയിൽ സ്റ്റേറ്റുകളിലും കമ്മീഷനെ നിയമിക്കുന്ന കാര്യമാണു് പ്രധാനമായും ചർച്ചചെയ്തതു്. എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്താൻ നിവൃത്തിയില്ല.

ജലസേചന പദ്ധതി.

* 410. [17] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സ്റ്റേറ്റുകളായ മദിരാശി, മൈസൂർ എന്നിവയുമായി ആലോചിച്ചു സംയുക്താഭിമുഖ്യത്തിൽ കേരളം ഏതെങ്കിലും ജലസേചന പദ്ധതി ആരംഭിക്കുന്നതിനു് പരിശ്രമം നടത്തുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ആയതു ഏതാണെന്നും സംരംഭം എത്രകണ്ടു പുരോഗമിച്ചു എന്നും പറയാമോ ;

(സി) ഇല്ലെങ്കിൽ മൈസൂർ സ്റ്റേറ്റുമായി ആലോചിച്ചു ബാരാപ്പോൾ ജലവൈദ്യുതപദ്ധതി ഇരു സ്റ്റേറ്റുകൾക്കും പ്രയോജനകരമായ വിധത്തിൽ സംയുക്തമായി ആരംഭിക്കുവാൻ കേരള സ്റ്റേറ്റു് മുൻകൈ എടുത്തു പ്രവർത്തിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly